# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എൻമകജെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/896/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എൻമകജെ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/896/2023 തീയ്യതി: 28/12/2023

## കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-12-2023 | 23-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-12-2023 | 23-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക്, ഓഡിറ്റ് ഓഫീസർ
ജയാനന്ദ.എച്ച്, ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജനാർദ്ദനൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
അരുൺ ദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സോമശേഖര.ജെ.എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| അൻവർ റഹ്മാൻ | സെക്രട്ടറി | 01-04-2022 | 28-09-2022 |
| ബിനീഷ്.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2022 | 06-10-2022 |
| സുനിൽ.ആർ | സെക്രട്ടറി | 06-10-2022 | 16-11-2022 |
| പി.സി.പ്രേംചന്ദ് | സെക്രട്ടറി | 17-11-2022 | 03-12-2022 |
| സുനിൽ.ആർ | സെക്രട്ടറി | 03-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിനീഷ്.സി | അസിസ്റ്റന്റ് സെക്രട്ടറി | 16-05-2022 | 11-11-2022 |
| റോബിൻസൺ.കെ.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 02-02-2023 | 31-03-2023 |
| ശ്രീജിത്ത്.പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 26-09-2022 |
| അമർനാഥ്.കെ | അസിസ്റ്റന്റ് എഞ്ചിനീയർ (അധിക ചുമതല) | 27-09-2022 | 10-10-2022 |
| ആരതി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 10-10-2022 | 31-03-2023 |
| അക്ഷത.വി | കൃഷി ഓഫീസർ | 01-04-2022 | 01-10-2022 |
| ഗിരീഷ്.ബി | കൃഷി ഓഫീസർ | 01-10-2022 | 15-12-2022 |
| വിനീത്.പി.വി | കൃഷി ഓഫീസർ | 15-12-2022 | 31-03-2023 |
| ഡോ.ദീപ രാജ്.ആർ.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 27-04-2022 |
| ഡോ.കാർത്തി.പി.കുമാർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 28-04-2022 | 13-06-2022 |
| ഡോ.അഖിൽ.സി.എച്ച് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)- അധിക ചുമതല | 14-06-2022 | 22-11-2022 |
| ഡോ.രാഹുൽ.ആർ.കൃഷ്ണ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 23-11-2022 | 09-01-2023 |
| ഡോ.ക്രിസ്റ്റി ഐൈസക്ക് ഡാനിയൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 09-01-2023 | 31-03-2023 |
| ഡോ.ദീപ്തി.പി.ടി | മെഡിക്കൽ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവേദം) | | |
| ഡോ.ഹെന്ന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| സാന്ദ.ടി.എസ് | വി.ഇ.ഒ -കാട്ടുക്കുക്കെ | 01-04-2022 | 31-03-2023 |
| ദേവി.എസ്.കുമാർ | വി.ഇ.ഒ-പെർള | 01-04-2022 | 31-03-2023 |
| പ്രേമലത.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| അജയൻ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ദിനേഷാ.ബി | പ്രധാനാധ്യാപകൻ | 01-04-2022 | 30-06-2022 |
| കമലാക്ഷ നായക് | പ്രധാനാധ്യാപകൻ | 01-07-2022 | 31-03-2023 |
| ഡോ.ബ്രിജിത്ത്.കെ.കെ | വെറ്റിനറി സർജൻ | 01-04-2022 | 16-03-2023 |
| ഡോ.അഖിൽ.എസ് | വെറ്റിനറി സർജൻ | 17-03-2023 | 31-03-2023 |

1/04/2022 മുതൽ 15/05/2022 വരെയും 12/11/2022 മുതൽ 1/02/2023 വരെയും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിവിലായിരുന്നു

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി പലിശയിനത്തിലെ വരവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി - ചെലവ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വികസന ഫണ്ട് - ജനറൽ സ്രോതസ്സിൽ നിന്നും കുറവുചെയ്യേണ്ട മുഴുവൻ തുകയും കുറവു ചെയ്തിട്ടില്ല | 1-1-7 |
| 9 | പഞ്ചായത്ത് ദുരിതാശ്വാസനിധി നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | എസ്.ബി.ഐ ഇ-പേമെന്റ് അക്കൗണ്ട് മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ഹെൽത്ത് ഗ്രാന്റ് തുക നീക്കിയിരിപ്പ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺടൈഡ് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | അക്രഡിറ്റഡ് ഏജൻസികൾക്കു നൽകിയ അഡ്വാൻസ് തുക നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-12 |
| 14 | ടൂർ ട്രാവൽ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല | 1-1-13 |
| 15 | ബി-9 ഷെഡ്യൂളിൽ നിലനിൽക്കുന്ന ബാധ്യത തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-14 |
| 16 | ഡെപ്പോസിറ്റ് ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-15 |
| 17 | നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-1-16 |
| 18 | ബി-4 ഷെഡ്യൂളിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-17 |
| 19 | ഗുണഭോക്തൃ വിഹിതമിനത്തിലെ ചെലവ് ലഡ്ജറിൽ നിന്നും കുറവു ചെയ്തിട്ടില്ല | 1-1-18 |
| 20 | ഗുണഭോക്തൃ വിഹിതമിനത്തിലെ കളക്ഷൻ രസീത് പ്രകാരമുള്ള വരവ് രണ്ട് തവണ ഒടുക്കിയിരിക്കുന്നു. | 1-1-19 |
| 21 | ഗുണഭോക്തൃ വിഹിതമിനത്തിലെ വരവിനേക്കാളും അധികം തുക ഒടുക്കിയിരിക്കുന്നു. | 1-1-20 |

| | | |
|---|---|---|
| 22 | ടെണ്ടർ ഫോം വിൽപന ഇനത്തിലെ ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡ്ഡിൽ രേഖപ്പെടുത്തി ഒടുക്കുവരുത്തിയിട്ടില്ല. | 1-1-21 |
| 23 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ചെലവ് തുക ധനകാര്യപത്രികയിൽ പൊരുത്തപ്പെടുന്നില്ല. | 1-1-22 |
| 24 | സാമൂഹ്യ സുരക്ഷ പെൻഷൻ ചെലവു തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-23 |
| 25 | കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-24 |
| 26 | ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് തുക പൂർണ്ണമായും ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-25 |
| 27 | ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ - ചെലവിനേക്കാളും അധികം തുക കുറവു ചെയ്തിരിക്കുന്നു. | 1-1-26 |
| 28 | ആർ.ജി.എസ്.എ അക്കൗണ്ടിലെ ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള പദ്ധതി ചെലവും പൊരുത്തപ്പെടുന്നില്ല. | 1-1-27 |
| 29 | വികസനഫണ്ട് ജനറൽ ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുക എ.സി.ആറിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല. | 1-1-28 |
| 30 | ബാങ്കിൽ നിന്നും നേരിട്ട് കുറവു ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-29 |
| 31 | മറ്റ് റവന്യൂ ഗ്രാന്റ് ഇനത്തിലെ വരവ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല | 1-1-30 |
| 32 | ബജറ്റ് | 1-2 |
| 33 | സാമ്പത്തിക വിശകലനം | 1-3 |
| 34 | ഗ്രാന്റ് വിനിയോഗം | 1-4 |
| 35 | പദ്ധതി അവലോകനം | 1-5 |
| 36 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 37 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 38 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 39 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 40 | തനത് വരുമാനം- അവലോകനം | 1-10 |
| 41 | ഔട്ട് ഡോർ കളക്ഷൻ പ്രകാരമുള്ള കെട്ടിടനികുതി ബന്ധപ്പെട്ട കെട്ടിടത്തിൽ വരവുവച്ചിട്ടില്ല | 1-11 |
| 42 | ഔട്ട് ഡോർ കളക്ഷൻ മുഖേനയുള്ള വസ്തു നികുതിയിൽ നിന്നും നോട്ടീസ് ഫീസ് ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കിയിട്ടില്ല. | 1-12 |
| 43 | മൂന്ന് മാസത്തിലധികമായിട്ടുള്ള ഇ-പേമെന്റ് തുകകൾ നാളിതുവരെയും അക്കൗണ്ടിൽ വരവു വന്നിട്ടില്ല | 1-13 |

| | | |
|---|---|---|
| 44 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. | 1-14 |
| 45 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-15 |
| 46 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല | 1-16 |
| 47 | നെൽകൃഷി വികസന പദ്ധതി ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല | 1-17 |
| 48 | ഞങ്ങളും കൃഷിയിലേക്ക്- ഫലവൃക്ഷത്തൈകൾ വിതരണം-(ടി.എസ്.പി)- അപാകത | 1-18 |
| 49 | ഞങ്ങളും കൃഷിയിലേക്ക്-ഫലവൃക്ഷത്തൈകൾ വിതരണം (പൊതുവിഭാഗം)- അപാകത | 1-19 |
| 50 | ഞങ്ങളും കൃഷിയിലേക്ക്- പുനാർപ്പുളി ഗ്രാമം-ജനറൽ -അപാകത | 1-20 |
| 51 | ഞങ്ങളും കൃഷിയിലേക്ക്- പുനാർപ്പുളി ഗ്രാമം (ടി എസ് പി)-അപാകത | 1-21 |
| 52 | പോഷകവാടി പദ്ധതിയിലെ അപാകതകൾ | 1-22 |
| 53 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-23 |
| 54 | ഡേ ബുക്ക് പ്രകാരമുള്ള വരവ് അക്കൗണ്ടിൽ വരവുവന്നിട്ടില്ല | 1-24 |
| 55 | ലൈഫ് ഭവന നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല. | 1-25 |
| 56 | ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു | 1-26 |
| 57 | ഒരു വ്യക്തിയുടെ മരണസർട്ടിഫിക്കറ്റ് രണ്ട് സ്ഥാപനങ്ങളിൽ നിന്നും അനുവദിച്ചിട്ടുള്ളത് | 1-27 |
| 58 | പച്ചമലയാളം,തുല്യതാ പരീക്ഷ ഫീസ് ഒടുക്കൽ-പ്ലസ് വൺ പദ്ധതികളിലെ അപാകത | 1-28 |
| 59 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-29 |
| 60 | ഐകെഎം പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-30 |
| 61 | ഇലക്ട്രിക് ഗുഡ്സ് ആട്ടോറിക്ഷ വാങ്ങൽ അപാകത | 1-31 |
| 62 | ആദായനികുതി ,വെൽഫെയർ ക്ഷേമനിധി തുക ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. | 1-32 |
| 63 | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി - വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-33 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 3/08/2023 ലെ 1/1ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 5/08/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
28.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ

ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (15889968/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (-4519189/-) തുല്യമല്ല ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് സാമ്പത്തിക വർഷം അവസാനമാണ് തയ്യാറാക്കിയിട്ടുള്ളത്.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./ തീയതി |
|---|---|---|
| 110100101 | വസ്തു നികുതി - പാർപ്പിടം | 42201243, 31-03-2023 |
| 110100102 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 42201244, 31-03-2023 |
| 110200101 | തൊഴിൽ നികുതി - സ്ഥാപനം | 42201280, 31-03-2023 |
| 110200105 | തൊഴിൽ നികുതി - ട്രേഡ്സ് | 42201282, 31-03-2023 |

1-1-5 തൊഴിലുറപ്പ് പദ്ധതി പലിശയിനത്തിലെ വരവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ (കേരള ഗ്രാമീൺബാങ്ക് - 40583100001954) 1/11/2022 ൽ 738/- രൂപ പലിശയിനത്തിൽ വരവുണ്ട്. ഇതുൾപ്പെടെ തൻവർഷം ആകെ വരവ് 914114/- രൂപയാണ്. എന്നാൽ ധനകാര്യപത്രികയിലെ ആർ.പി 30 ഷെഡ്യൂളിൽ “320100128” എന്ന ഹെഡ്ഡിൽ 913376/- രൂപയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. 738/- രൂപയുടെ പലിശയിനത്തിലെ വരവ് ഇതിൽ

ഉൾപ്പെടുത്തിയിട്ടില്ല. ഈ വ്യത്യാസം നീക്കിയിരിപ്പിലും നിലനിൽക്കുന്നു.

1-1-6 തൊഴിലുറപ്പ് പദ്ധതി - ചെലവ് തുക പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയിനത്തിലെ ചെലവ് തുക ധനകാര്യപത്രികയിൽ ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല

| ഇനം | ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുക | എൻ.ആർ.ഇ.ജി.എസ് സെക്ഷൻ ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള തുക |
|---|---|---|
| നേരിട്ട് ചെലവഴിച്ചത് | 24307590/- (I-14(C)) | 24347398/- |
| ആകെ ചെലവ് | 24722029/- (I -6) | 24766460/- |

1-1-7 വികസന ഫണ്ട് - ജനറൽ സ്രോതസ്സിൽ നിന്നും കുറവുചെയ്യേണ്ട മുഴുവൻ തുകയും കുറവു ചെയ്തിട്ടില്ല

വികസനഫണ്ട് - ജനറലിൽ നിന്നും ചുവടെ പറയും പ്രകാരം 1133963/- രൂപ കുറവു ചെയ്യേണ്ടിയിരുന്നു. സെക്രട്ടറിയുടെ ചെലവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ തുക കുറവു ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1133933/- രൂപയാണ് "330500201- സെക്വർഡ് ലോൺ " എന്ന ഹെഡ്ഡിൽ കുറവു ചെയ്തിട്ടുള്ളത്. ആയതിനാൽ 30/- രൂപയുടെ വ്യത്യാസം നീക്കിയിരിപ്പിലുണ്ട്.

| ഉത്തരവ് നമ്പർ | ലൈഫ് പദ്ധതിക്കായി കുറവു ചെയ്യേണ്ടതുക | കുറവു ചെയ്ത തുക | |
|---|---|---|---|
| | | പദ്ധതി | തുക |
| GO(Rt) No 6872/2022/ Fin, 12.10.2022 | 566981 | 294 – ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 566981 |
| GO(Rt) No 1049/2023/ Fin, 13.02.2023 | 566982 | 299 - ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 566982 |
| ആകെ തുക | 1133963 | ആകെ തുക | 1133963 |

1-1-8 പഞ്ചായത്ത് ദുരിതാശ്വാസനിധി നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്ത് ദുരിതാശ്വാസനിധി നീക്കിയിരിപ്പ് തുക ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി-2 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | ബി-17 ഷെഡ്യൂൾ പ്രകാരം അക്കൗണ്ട് (പെർള സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് - 9718) നീക്കിയിരിപ്പ് |
|---|---|---|
| പഞ്ചായത്ത് ഡിസ്ട്രസ് റിലീഫ് ഫണ്ട് | 8 | 126 |

1-1-9 എസ്.ബി.ഐ ഇ-പേമെന്റ് അക്കൗണ്ട് മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

എസ്.ബി.ഐ ഇ-പേമെന്റ് അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ 37296307893) മുൻവർഷത്തെ നീക്കിയിരിപ്പും തൻവർഷത്തെ മുന്നിരിപ്പ് തുകയും ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| മുൻവർഷം (2021-22) ആർ.പി 40(b) പ്രകാരം നീക്കിയിരിപ്പ് | തൻവർഷം (2022-23) ആർ.പി 40(a) പ്രകാരം മുന്നിരിപ്പ് |
|---|---|
| 7,67,190 | 7,67,195 |

1-1-10 ഹെൽത്ത് ഗ്രാന്റ് തുക നീക്കിയിരിപ്പ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചുവടെ പറയും പ്രകാരം നീക്കിയിരിപ്പ് അക്കൗണ്ടിലുണ്ട്. എന്നാൽ ഈ തുക ബാധ്യതയായി ബി-4 ഷെഡ്യൂളിൽ "320100202 - Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs" , "320100204 - Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres" എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | നീക്കിയിരിപ്പ് (ബി -17 പ്രകാരം) |
|---|---|
| ഹെൽത്ത് ഗ്രാന്റ് - ഡയഗനോസ്റ്റിക് | 307431/- (കേരള ഗ്രാമീൺ ബാങ്ക് - 40510101016381) |
| ഹെൽത്ത് ഗ്രാന്റ് - റൂറൽ പി.എച്ച്.സി | 158379/- (കേരള ഗ്രാമീൺ ബാങ്ക് - 40510101016406) |

1-1-11 കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺടൈഡ് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺടൈഡ് എന്നീ ഇനങ്ങളിലെ ബി-4 & ബി-17 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പ് തുക ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | ബി-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|
| 8588175 (2578869 + 6009306) | 9081914 (കേരള ഗ്രാമീൺബാങ്ക് അക്കൗണ്ട് - 40510101012163) |

1-1-12 അക്രഡിറ്റഡ് ഏജൻസികൾക്കു നൽകിയ അഡ്വാൻസ് തുക നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു.

അക്രഡിറ്റഡ് ഏജൻസികൾക്കു നൽകിയ അഡ്വാൻസ് തുകയിൽ ബി-18 ഷെഡ്യൂളിൽ 460500499 എന്ന ഹെഡ്ഡിൽ -314360/- രൂപ നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു. ലഡ്ജർ പരിശോധിച്ചതിൽ നിന്നും ചുവടെ പറയും പ്രകാരം തുക വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| രസീത് നമ്പർ | തീയതി | തുക | വിശദാംശം |
|---|---|---|---|
| 1220000456 | 31-03-2023 | 314,360 | Duplicate Payment Cancellation MGNREGA AE FOR 4/22 Cheque , No : 2901447 , Dt. 05-05-2022 |

മേൽ അപാകതയ്ക്കുള്ള കാരണം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 1/18.12.2023)

1-1-13 ടൂർ ട്രാവൽ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

460100105 – ടൂർ ട്രാവൽ അഡ്വാൻസ് ഇനത്തിൽ 500/- രൂപ 2019-20 മുതൽ ക്രമീകരിക്കുവാനുള്ളതായി കാണുന്നു. ഈ തുകയുടെ വിശദാംശം, ക്രമീകരിക്കാത്തതിനുള്ള കാരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

1-1-14 ബി-9 ഷെഡ്യൂളിൽ നിലനിൽക്കുന്ന ബാധ്യത തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1) 2020-21 സാമ്പത്തിക വർഷം മുതൽ ധനകാര്യ പത്രികയിൽ ബി-9 ഷെഡ്യൂളിൽ "മറ്റ് റിക്കവറികൾ (350200199)" എന്ന ഇനത്തിൽ 22743/- രൂപ ബാധ്യതയായി നിലനിൽക്കുന്നു. ഈ തുക സംബന്ധിച്ച വിശദാംശം, നാളിതുവരെ ഒടുക്കുവരുത്താതതിനുള്ള വിശദീകരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) 2018-19 സാമ്പത്തിക വർഷം മുതൽ ധനകാര്യ പത്രികയിൽ ബി-9 ഷെഡ്യൂളിൽ "റീഫണ്ട് പേയബിൾ - തൊഴിൽ നികുതി ജീവനക്കാർ (350400103)" ഇനത്തിൽ 500/- രൂപ ബാധ്യതയായി നിലനിൽക്കുന്നു.

ഈ തുക സംബന്ധിച്ച വിശദാംശം, നാളിതുവരെ ഒടുക്കുവരുത്താതതിനുള്ള വിശദീകരണം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-1-15 ഡെപ്പോസിറ്റ് ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ബി-18 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ നിലനിൽക്കുന്ന ചുവടെ പറയുന്ന തുകകളുടെ വിശദാംശം നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനം, കോഡ് | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി, 460500201 | 4500 | 2018-19 മുതൽ നിലനിൽക്കുന്ന |
| 2 | കേരള ഇലക്ട്രിസിറ്റി ബോർഡ്, 460500202 | 82800 | 2018-19 മുതൽ നിലനിൽക്കുന്ന |
| 3 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, 460500204 | 8750 | 2016-17 മുതൽ നിലനിൽക്കുന്ന |

1-1-16 നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ചുവടെ പറയുന്ന അഡ്വാൻസ് ക്രമീകരിക്കാതെ നിലനിൽക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 617934 |
| തൻവർഷം നൽകിയത് (1434996/- രൂപ) | |
| വെറ്ററിനറി സർജൻ (Cheque , No : 15875 ,Dt. 02-06-2022) | 50000 |
| അഗ്രിക്കൾച്ചർ ഓഫീസർ (Cheque, No : 2901456 , Dt.29-06-2022) | 30000 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി (Cheque, No : 2901456 , Dt.29-06-2022) | 125000 |
| എ.ഇ (Cheque , No :2901460 , Dt. 01-07-2022) | 50000 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി (Cheque, No : 2901466 , Dt.08-07-2022) | 50000 |
| ബഡ്സ് സ്കൂൾ (Cheque , No : 2901475, Dt. 16-08-2022) | 385310 |
| ബഡ്സ് സ്കൂൾ (Cheque, No : 17770 , Dt.29-10-2022) | 32000 |
| ബഡ്സ് സ്കൂൾ (Cheque , No :17770 , Dt. 29-10-2022) | 101900 |
| ബഡ്സ് സ്കൂൾ (Cheque , No :17772 , Dt. 04-11-2022) | 13870 |
| ബഡ്സ് സ്കൂൾ (Cheque , No :17787 , Dt. 23-11-2022) | 34000 |
| ബഡ്സ് സ്കൂൾ (Cheque ,No : 0471609 , Dt.27-12-2022) | 38701 |
| ബഡ്സ് സ്കൂൾ ( Cheque ,No : 18744 , Dt.26-12-2022) | 43000 |
| ബഡ്സ് സ്കൂൾ (Cheque, No : 18754 , Dt.11-01-2023) | 101900 |
| ബഡ്സ് സ്കൂൾ (Cheque , No : 18755 ,Dt. 12-01-2023) | 10000 |
| ബഡ്സ് സ്കൂൾ (Cheque , No : 17748 ,Dt. 22-09-2022) | 101900 |
| സെക്രട്ടറി (Cheque , No : 2901452 ,Dt. 27-05-2022) | 15000 |
| ബഡ്സ് സ്കൂൾ (Cheque , No : 19011 ,Dt. 16-02-2023) | 14015 |
| ബഡ്സ് സ്കൂൾ (Cheque , No :19010 , Dt. 15-02-2023) | 14600 |
| ബഡ്സ് സ്കൂൾ (Cheque , No : 19010 ,Dt. 15-02-2023) | 101900 |
| സെക്രട്ടറി (Cheque , No : 2901452 ,Dt. 27-05-2022) | 20000 |
| ബഡ്സ് സ്കൂൾ (Cheque , No : 19010 , Dt. 15-02-2023) | 101900 |
| നീക്കിയിരിപ്പ് | 2052930 |

മേൽ പ്രകാരം മുന്നിരിപ്പായി നിലനിൽക്കുന്ന 617934/- രൂപ തൻവർഷവും ക്രമീകരിക്കാതെ

നിലനിൽക്കുന്നു. കൂടാതെ തൻവർഷത്തെ 1434996/- രൂപയും ക്രമീകരിക്കാതെ നിലനിൽക്കുന്നു. ബഡ്സ് സ്കൂളിനു നൽകിയ തുകയും ഇതിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 1/18.12.2023)

1-1-17 ബി-4 ഷെഡ്യൂളിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

ബി-4 ഷെഡ്യൂളിൽ നിലനിൽക്കുന്ന ചുവടെ പറയുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഇനം, കോഡ് | നിലനിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | Contribution For Other Specific Purposes - District Panchayath, 320700405 | 550000 | 2019-20 മുതൽ തുക നിലനിൽക്കുന്നു. |
| 2 | Contribution For Other Specific Purposes - Block Panchayath, 320700404 | 50000 | 2016-17 മുതൽ തുക നിലനിൽക്കുന്നു. |

1-1-18 ഗുണഭോക്തൃ വിഹിതമിനത്തിലെ ചെലവ് ലഡ്ജറിൽ നിന്നും കുറവു ചെയ്തിട്ടില്ല

1) 2022-23 സാമ്പത്തിക വർഷം ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടുണ്ടെങ്കിലും "320800101 - ഗുണഭോക്തൃ വിഹിതം" എന്ന ചെലവ് ഹെഡ്ഡിൽ നിന്നും ഈ തുകകൾ കുറവു ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ നമ്പർ, പേര് | തുക |
|---|---|---|
| 1 | 31/23 – വീട്ടുകളിലേക്ക് ബക്കറ്റ് കമ്പോസ്റ്റ് | 17,360/- |
| 2 | 210/23 – ഞങ്ങളും കൃഷിയിലേക്ക് - ഫല വൃക്ഷ തൈകൾ വിതരണം | 35,000/- |
| 3 | 115/23 – പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും - ഗ്രോബാഗ് മൺചട്ടി വിതരണം | 80,000/- |
| 4 | 188/23 - ഞങ്ങളും കൃഷിയിലേക്ക് - പുന്നാർ പുളി ഗ്രാമം | 50,000/- |
| ആകെ ചെലവ് തുക | | 1,82,360/- |

2) ഗുണഭോക്തൃ വിഹിതം ഇനത്തിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള 5,187/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1-1-19 ഗുണഭോക്തൃ വിഹിതമിനത്തിലെ കളക്ഷൻ രസീത് പ്രകാരമുള്ള വരവ് രണ്ട് തവണ ഒടുക്കിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം 34/23 – വീട്ടുകളിലേക്ക് റിംഗ് കമ്പോസ്റ്റ് എന്ന പദ്ധതിക്കായി ഗുണഭോക്തൃ വിഹിതമിനത്തിൽ 70 പേരിൽ നിന്നും 375 രൂപ വീതം ആകെ 26250/- രൂപ രസീത് മുഖേന പിരിച്ചിരുന്നു. എന്നാൽ ഇതിൽ ചുവടെ പറയും പ്രകാരം ഒരേ രസീത് രണ്ട് തവണയായി ഒടുക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | രസീത് നമ്പർ | തീയതി | ബുക്ക് നമ്പർ | തുക |
|---|---|---|---|---|
| 1 | 1220107184 | 23/03/2023 | 7720/85 | 375 |
| 2 | 1220107757 | 30/03/2023 | 7720/85,90,91,92,94 | 1875 (375 X 5) |

മേൽ പ്രകാരം ബുക്ക് നമ്പർ 7720 ലെ രസീത് നമ്പർ 85 പ്രകാരമുള്ള 375/- രൂപ രണ്ട് തവണ ഒടുക്കിയിരിക്കുന്നു. ആയതിനാൽ വരവിനേക്കാളും 375/- രൂപ അധികമായി ഈ ഇനത്തിലുണ്ട്. അധികമായി തുക ഒടുക്കിയതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ

3/20.12.2023)

1-1-20 ഗുണഭോക്തൃ വിഹിതമിനത്തിലെ വരവിനേക്കാളും അധികം തുക ഒടുക്കിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം 203/23 - എസ്.സി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് എന്ന പദ്ധതിക്കായി ഗുണഭോക്തൃ വിഹിതമിനത്തിൽ ചുവടെ പറയും പ്രകാരം രസീത് മുഖേന ലഭിച്ച തുകയും ഒടുക്കുവരുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല.

| ബുക്ക് നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക | രസീത് നമ്പർ, തീയതി | ഒടുക്കിയ തുക | അധികമായി ഒടുക്കിയത് |
|---|---|---|---|---|---|
| 7721/27 | സദാശിവ | 820 | 1220106576, 13/03/2023 | 1125 | 305 |

305/- രൂപ അധികമായി ഒടുക്കിയതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/20.12.2023 ന് മേൽ പ്രകാരമുള്ള തുക അടവാക്കുമ്പോൾ 305/- രൂപ അധികമായി അടവാക്കിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അധികമായി ഒടുക്കിയ തുക സംബന്ധിച്ച് വ്യക്തത വരുത്തി തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-21 ടെണ്ടർ ഫോം വിൽപന ഇനത്തിലെ ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡ്ഡിൽ രേഖപ്പെടുത്തി ഒടുക്കുവരുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം ടെണ്ടർ ഫോം വിൽപന ഇനത്തിൽ ലഭിച്ച ചുവടെ പറയുന്ന വരവുകളിൽ നിന്നും ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് ഒടുക്കിയിട്ടില്ല.

| ബുക്ക് നമ്പർ | ടെണ്ടർ ഫോം വില | എസ്.ജി.എസ്.ടി | സി.ജി.എസ്.ടി | ആകെ |
|---|---|---|---|---|
| 7712/2 | 4740 | 427 | 427 | 5594 |
| 7712/3 | 8120 | 730 | 730 | 9580 |
| 7712/4 | 1685 | 152 | 152 | 1989 |
| 7712/5 | 4565 | 411 | 411 | 5387 |
| 7712/6 | 4490 | 404 | 404 | 5298 |
| 7712/7 | 2240 | 202 | 202 | 2644 |
| 7712/8 | 7565 | 680 | 680 | 8925 |
| 7712/9 | 5335 | 480 | 480 | 6295 |
| 7712/10 | 4740 | 426 | 426 | 5592 |
| 7712/11 | 7010 | 630 | 630 | 8270 |
| 7712/12 | 7185 | 646 | 646 | 8477 |
| 7712/14 | 2870 | 258 | 258 | 3386 |
| 7712/15 | 3555 | 320 | 320 | 4195 |
| 7712/16 | 4955 | 446 | 446 | 5847 |
| 7712/17 | 7010 | 630 | 630 | 8270 |
| 7712/18 | 4400 | 396 | 396 | 5192 |
| 7712/19 | 1685 | 152 | 152 | 1989 |
| 7712/20 | 7010 | 630 | 630 | 8270 |
| 7712/21 | 2620 | 236 | 236 | 3092 |

| | | | | |
|---|---|---|---|---|
| 7712/22 | 4370 | 393 | 393 | 5156 |
| ആകെ തുക | 96150 | 8649 | 8649 | 113448 |

മേൽപ്രകാരമുള്ള തുകയിൽ ജി.എസ്.ടി ഉൾപ്പെടെ 113448 - രൂപ "150110101 – Receipt From Sale Of Tender Forms" എന്ന ഹെഡ്ഡിലാണ് വരവ് എടുത്തിട്ടുള്ളത്. ജി.എസ്.ടി ഇനത്തിലെ 17298/- രൂപ (8649 + 8649) "350200208 – SGST, 350200207- CGST" എന്നീ ഹെഡ്ഡുകളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

1-1-22 വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ചെലവ് തുക ധനകാര്യപത്രികയിൽ പൊരുത്തപ്പെടുന്നില്ല.

2022-23 സാമ്പത്തിക വർഷം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം നൽകിയതിൽ ചുവടെ പറയും പ്രകാരം 3 പേർക്കായി 90,000/- രൂപയാണ് നൽകിയിട്ടുള്ളത് .എന്നാൽ ധനകാര്യപത്രികയിലെ ഐ-14(D) ഷെഡ്യൂളിൽ 254200108 എന്ന ഹെഡ്ഡിൽ 9,00,000/- രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | ലക്ഷ്മി | 30,000/- |
| 2 | അയിഷത്തിൽ നസീമ.എം | 30,000/- |
| 3 | അയിഷാമ്മ | 30,000/- |
| ആകെ തുക | | 90,000/- |

1-1-23 സാമൂഹ്യ സുരക്ഷ പെൻഷൻ ചെലവു തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

സാമൂഹ്യസുരക്ഷ പെൻഷൻ ചെലവ് ഇനത്തിൽ സ്ഥാപനത്തിൽ നിന്നും ലഭ്യമായ വിവരവും ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | ധനകാര്യപത്രിക പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുക (ഐ-14(D)) | സ്ഥാപനത്തിൽ നിന്നും (സേവന സോഫ്റ്റ് വെയറിൽ) ലഭ്യമായ രേഖകൾ പ്രകാരം ചെലവ് തുക |
|---|---|---|---|
| 1 | 254200102 - National Old Age Pension | 21349000 | 24605600 |
| 2 | 254200103 - Pension For Agricultural Workers | 516800 | 598400 |
| 3 | 254200104 - Widow Pension | 10144800 | 11841600 |
| 4 | 254200106 - Pension For Physically Challenged/Mentally Challenged | 3696000 | 4248000 |
| 5 | 254200105 - Pension For Unmarried Women Above 50 Years | 611200 | 713600 |

1-1-24 കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക ബി-18 ഷെഡ്യൂളിൽ

ഉൾപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതി പ്രകാരം തുക കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബി-18 ഷെഡ്യൂൾ "460500201- Advance To Implementing Agencies Deposit With Kerala Water Authority" എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പദ്ധതി നമ്പർ, പേര് | വൗച്ചർ നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 243- വിവിധ വാർഡുകളിൽ ബോർ വെൽ റിപ്പയർ | 22201018, 31/03/2023 | 42980 | 0 | 42980 |

1-1-25 ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് തുക പൂർണ്ണമായും ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

സുലേഖ ചെലവ് പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലെ തൻവർഷത്തെ ചെലവ് 57,40,268/- രൂപയാണ് എന്നാൽ ധനകാര്യപത്രിക ഐ-6 ഷെഡ്യൂളിലെ "160300102 – Contribution Towards Joint Venture Projects- From Block Panchayath" എന്ന ഹെഡ്ഡിൽ 54,48,961/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 11/21.12.2023)

1-1-26 ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ - ചെലവിനേക്കാളും അധികം തുക കുറവു ചെയ്തിരിക്കുന്നു.

" 320300199 – ഗ്രാന്റ്, ഫണ്ട് & കോൺട്രിബ്യൂഷൻ - മറ്റ് ഗവൺമെന്റ് ഏജൻസികൾ" എന്ന ഹെഡ്ഡിൽ വൗച്ചർ നമ്പർ 42201296/ 31.03.2023 പ്രകാരം ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ ഇനത്തിൽ 10,20,000/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചുവടെ പറയും പ്രാകാരം സ്റ്റേറ്റ് ബാങ്ക് ഇ-പേമെന്റ് അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നമ്പർ 37296307893) 10,00,000/- രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | ചെക്ക് നമ്പർ, തീയതി | അക്കൗണ്ടിൽ നിന്നും പിൻവലിച്ച തീയതി | തുക |
|---|---|---|---|
| 1 | 524330, 31/03/2022 | 8/04/2022 | 240000 |
| 2 | 524332,16/08/2022 | 20/08/2022 | 120000 |
| 3 | 524331,16/08/2022 | 20/08/2022 | 100000 |
| 4 | 524333,30/08/2022 | 1/09/2022 | 100000 |
| 5 | 524335, 12/01/2023 | 19/01/2023 | 240000 |
| 6 | 524336,23/02/2023 | 24/02/2023 | 100000 |
| 7 | 524338,15/03/2023 | 17/03/2023 | 100000 |
| ആകെ ചെലവ് തുക | | | 10,00,000/- |

ധനകാര്യപത്രികയിൽ 20000/- രൂപ അധികം ചെലവ് രേഖപ്പെടുത്തിയനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12(1)/22.12.2023 ന് അപാകത അടുത്ത ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-1-27 ആർ.ജി.എസ്.എ അക്കൗണ്ടിലെ ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള പദ്ധതി ചെലവും പൊരുത്തപ്പെടുന്നില്ല.

എ.ഇ നിർവ്വഹണം നടത്തിയ പദ്ധതിയുടെ ചെലവും ആർ.ജി.എസ്.എ അക്കൗണ്ടിൽ (എസ്.ബി.ഐ – 41192039601) നിന്നും ഇതിനായി പിൻവലിച്ച തുകയും ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| പദ്ധതി നമ്പർ, പേര് | ചെലവ് | അക്കൗണ്ടിൽ നിന്നുള്ള | വ്യത്യാസം |
|---|---|---|---|

| | തുക | ചെലവ് | |
|---|---|---|---|
| 63- പഞ്ചായത്ത് ഓഫീസിന്റെ അനുബന്ധ ഉപകേന്ദ്രം | 236920/- | 232690 | 4230 |

മേൽ പ്രകാരം വ്യത്യാസമുള്ള 4230/- രൂപയിൽ 2115/- രൂപ ഇൻകം ടാക്സ് ഇനത്തിലെയും 2115/- രൂപ വർക്കേഴ്സ് വെൽഫെയർ ഫണ്ടിലേക്കുമുള്ള ചെലവാണ്. എന്നാൽ ഈ തുക ചെലവായിട്ടില്ല. 4230/- രൂപ ചെലവഴിക്കാതെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

1-1-28 വികസനഫണ്ട് ജനറൽ ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുക എ.സി.ആറിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

| ഉത്തരവ് നമ്പർ | വികസനഫണ്ട് ജനറലിലേക്കുള്ള അറ്റതുക | സ.ഉ.(കേ)നം.179/2022/ധന ഉത്തരവ് പ്രകാരം കുറവ് വരുത്തുന്ന തുക | Anganwadi | Life | Total |
|---|---|---|---|---|---|
| GO(Rt) No 1049/2023/Fin, 13.02.2023 | 5194378 | 201340 | 452800 | 566982 | 6415500 |

മേൽ പ്രകാരം 5194378/- രൂപയാണ് മൂന്നാം ഗഡുവായി ജനറൽ ഫണ്ടിൽ ലഭിച്ചിട്ടുള്ളത് എന്നാൽ എ.സി.ആറിൽ 3462918/- രൂപ (1731459 + 1731459) മാത്രമാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-29 ബാങ്കിൽ നിന്നും നേരിട്ട് കുറവു ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

എസ്.ബി.ഐ ഇ-പേമെന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37296307893) റീക്കൺസിലിയേഷൻ പത്രിക പ്രകാരം 31-03-2023 ബാങ്കിൽ നിന്നും നേരിട്ട് കുറവു ചെയ്തതായി 32,952/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. അടുത്ത റീക്കൺസിലിയേഷൻ പത്രികയിൽ പരിഹരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നമ്പർ 10(2)/21.12.2023)

1-1-30 മറ്റ് റവന്യൂ ഗ്രാന്റ് ഇനത്തിലെ വരവ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

ആർ.പി 7 ഷെഡ്യൂൾ "160100799മറ്റ് റവന്യൂ ഗ്രാന്റ്" ഇനത്തിൽ ചുവടെ പറയും പ്രകാരം വരവുണ്ട്.

| ക്രമ നമ്പർ | ഇനം | വൗച്ചർ നമ്പർ, തീയതി | തുക |
|---|---|---|---|
| 1 | ബഡ്സ് സ്കൂൾ ഗ്രാന്റ് | 1220000413, 31-03-2023 | 297620 |
| 2 | ശുചിത്വ മിഷൻ അക്കൗണ്ട് പലിശ | 1220000415, 31-03-2023 | 30 |
| | ആകെ തുക | | 297650 |

മേൽ പ്രകാരമുള്ള തുക ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തീയതി | 1/1, 23/03/2022 | 1(1), 24/03/2023 |
| മുന്നിരിപ്പ് | 5917835 | 12847611 |
| വരവ് | 226505523 | 280425154 |

| | | |
|---|---|---|
| ആകെ | 232423358 | 293272765 |
| ചെലവ് | 229930000 | 285877857 |
| നീക്കിയിരിപ്പ് | 2493358 | 7394908 |

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 12311746 |
| വരവ് | 65268120 |
| ആകെ | 7,75,79,866 |
| ചെലവ് | 4,93,78,152 |
| നീക്കിയിരിപ്പ് | 2,82,01,714 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,43,428 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 132260740/- രൂപയും ചെലവ് 129639994/- രൂപയുമാണ്.

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 0 | 19932660 | 19932660 | 16697804 | 3234856 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 5700000 | 5700000 | 5100194 | 599806 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 13034000 | 13034000 | 11653976 | 1380024 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 11498000 | 11498000 | 3184750 | 8313250 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 0 | 7764000 | 7764000 | 3965649 | 3798351 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് - ബാങ്ക് | 5005242 | 5298000 | 10303242 | 4293936 | 6009306 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ട്രഷറി) | 0 | 5892946 | 5892946 | 299358 | 5593588 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് - ബാങ്ക് | 1120667 | 3532000 | 4652667 | 2245614 | 2407053 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് - ബാങ്ക് (പലിശ) | 0 | 171816 | 171816 | 0 | 171816 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് - (ട്രഷറി) | 0 | 714354 | 714354 | 0 | 714354 |
| എൻ.ആർ.ഇ.ജി.എസ് | 0 | 914114 | 914114 | 419062 | 495052 |
| ഐ.സി.ഡി.എസ് | 1892670 | 2102402 | 3995072 | 1524996 | 2470076 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 8941 | 0 | 8941 | 0 | 8941 |
| സ്വച്ച് ഭാരക് അഭിയാൻ | 0 | 385970 | 385970 | 0 | 385970 |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 0 | 612877 | 612877 | 0 | 612877 |
| സംയുക്തപദ്ധതി - ബ്ലോക്ക് പഞ്ചായത്ത് | 879795 | 5448961 | 6328756 | 5448961 | 879795 |
| സംയുക്തപദ്ധതി - ജില്ലാ പഞ്ചായത്ത് | 1295932 | 1013328 | 2309260 | 1013328 | 1295932 |
| കോൺട്രിബ്യൂഷൻ - റവന്യൂ ചെലവുകൾ - ബ്ലോക്ക് പഞ്ചായത്ത് | 50000 | 0 | 50000 | 0 | 50000 |
| കോൺട്രിബ്യൂഷൻ - റവന്യൂ ചെലവുകൾ - ജില്ലാ പഞ്ചായത്ത് | 550000 | 0 | 550000 | 0 | 550000 |
| ഗ്രാന്റ്, ഫണ്ട്, കോൺട്രിബ്യൂഷൻ - മറ്റ് ഗവൺമെന്റ് ഏജൻസി (320300199) | 57,099 | 11033580 | 11090679 | 1020000 | 10070679 |
| ഗ്രാന്റ്, ഫണ്ട്, കോൺട്രിബ്യൂഷൻ - മറ്റ് ധനകാര്യ സ്ഥാപനങ്ങൾ(320400199) | 499250 | 0 | 499250 | 0 | 499250 |
| നിർമ്മൽ പുരസ്കാരം | 473000 | 0 | 473000 | 0 | 473000 |
| ശുചിത്വമിഷൻ ഗ്രാന്റ് | 787116 | 0 | 787116 | 0 | 787116 |
| കുടിവെള്ളപദ്ധതി - ഗ്രാന്റ് (320200305) | 873867 | 0 | 1273867 | 0 | 873867 |
| ഗ്രാന്റ്, ഫണ്ട്, കോൺട്രിബ്യൂഷൻ - മറ്റ് ആവശ്യങ്ങൾ (320200399) | 166121 | 0 | 286121 | 0 | 166121 |
| മറ്റ് ഗ്രാന്റ് , ഫണ്ട് & കോൺട്രിബ്യൂഷൻ (320800199) | 1199439 | 232690 | 1432129 | 232690 | 1199439 |

1) വികസന ഫണ്ട് - പൊതുവിഭാഗം സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2492363/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസന ഫണ്ട് - എസ്.സി.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 367712/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസന ഫണ്ട് - ടി.എസ്.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1053788/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ജനറൽ പർപ്പസ് ഫണ്ട് തൻവർഷം 13427000/- രൂപ വരവുണ്ട്.

5) ഗ്രാന്റ്, ഫണ്ട്, കോൺട്രിബ്യൂഷൻ - മറ്റ് ഗവൺമെന്റ് ഏജൻസി (320300199) എന്ന ഹെഡ്ഡിലെ വരവ് വിശദാംശം

| വരവ് |
|---|

| ഇനം | തുക |
|---|---|
| ലൈഫ് സ്റ്റേറ്റ് ഷെയർ<br>(എസ്.ബി.ഐ - 37296307893) | 9820000/- |
| വാണിനഗർ എസ്.ടി കോളനി (എസ്.ടി ഡിപ്പാർട്ട്മെന്റ്)<br>എൽ.ജി.ടി.എസ്.ബി - 799013000001011) | 545500/- |
| ബഡ്സ് സ്കൂൾ ഗ്രാന്റ്<br>കേരള ഗ്രാമീൺ ബാങ്ക് - 181512801000435) | 668080/- |
| ആകെ വരവ് | 1,10,33,580/- |

6) ഗ്രാന്റ്, ഫണ്ട്, കോൺട്രിബ്യൂഷൻ - മറ്റ് ഗവൺമെന്റ് ഏജൻസി (320300199) എന്ന ഹെഡ്ഡിലെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ള 1020000/- രൂപ ലൈഫ് സ്റ്റേറ്റ് ഷെയർ ചെലവാണ്. ഇത് അക്കൗണ്ടിൽ നിന്നുമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 1-1-26 വിശദാംശം രേഖപ്പെടുത്തിയിട്ടുണ്ട്)

7) മറ്റ് ഗ്രാന്റ് , ഫണ്ട് & കോൺട്രിബ്യൂഷൻ (320800199) എന്ന ഹെഡ്ഡിൽ തൻവർഷത്തെ വരവും ചെലവുമായ 232690/- രൂപ ആർ.ജി.എസ്.എ (എസ്.ബി.ഐ –41192039601) അക്കൗണ്ടിൽ പൊതുജന സഹായ കേന്ദ്രം ബിൽഡിംഗിനായി ലഭിച്ച തുകയാണ്.

8) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് - ജനറൽ ബാലൻസ് തുക നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു.

| ഇനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 15708837 | 16697804 | -988967 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 191224120 | 118 | 61783070 | 0 | 100 | 54.13 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 38 | 13780023 | 24 | 8072994 | 58.58 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 87 | 39395095 | 23 | 10709808 | 27.19 |
| 3 | കൃഷി ഓഫീസർ | 14 | 6173099 | 13 | 4894100 | 79.28 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 106102530 | 15 | 21548668 | 20.31 |
| 5 | ഐ.സി.ഡി.എസ് | 12 | 7731100 | 10 | 6203412 | 80.24 |

| | | | | | | |
|---|---|---|---|---|---|---|
| | സൂപ്പർവൈസർ | | | | | |
| 6 | വെറ്ററനറി സർജ്ജൻ | 10 | 3164888 | 5 | 850349 | 26.87 |
| 7 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 1 | 350000 | 1 | 350000 | 100 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 10 | 3569751 | 9 | 2650304 | 74.24 |
| 9 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1320440 | 1 | 845572 | 64.04 |
| 11 | പ്രധാനാധ്യാപകൻ | 12 | 4792218 | 10 | 4148406 | 86.57 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 360000 | 0 | 0 | 0 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 4284976 | 6 | 1309457 | 30.56 |
| | ആകെ | 218 | 191224120 | 118 | 61783070 | 32.31 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 914114 | 914114 | 419062 | 495052 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24347398 | 24347398 | 24347398 | 0 |
| ആകെ | 0 | 25261512 | 25261512 | 24766460 | 495052 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 16000പദ്ധതികളുൾപ്പെടുന്ന 7679000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 73 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 66793 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 169 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 598400 | 40 |
| വിധവാ പെൻഷൻ | 11841600 | 777 |
| വാർദ്ധക്യകാല പെൻഷൻ | 24605600 | 1947 |
| വികലാംഗ പെൻഷൻ | 4248000 | 328 |
| അവിവാഹിതകളായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 713600 | 49 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |
| തൊഴിലില്ലായ്മ വേതനം | 9120 | 14 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16/12/2023 തീയ്യതിയിൽ 2.39 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2031/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല.

3) 26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

4)2022-23 സാമ്പത്തിക വർഷത്തെ വിവിധ കമ്മിറ്റികളുടെ യോഗങ്ങളുടെ വിശദാംശം

| ക്രമ നമ്പർ | കമ്മിറ്റി | യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഭരണ സമിതി | 24 |
| 2 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 21 |
| 3 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 17 |
| 4 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 13 |
| 5 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 12 |
| 6 | സ്റ്റാഫ് മീറ്റിംഗ് | 10 |
| 7 | പ്രൊക്യൂർമെന്റ് കമ്മിറ്റി | 7 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തൻവർഷം 21 തവണ യോഗം ചേർന്നെങ്കിലും, തനത് വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയെയും , പുതിയ വരുമാന മാർഗ്ഗങ്ങളുടെ സാധ്യതയെയും സംബന്ധിച്ച് കാര്യമാത്ര പ്രസക്തമായ ചർച്ചകളോ തീരുമാനങ്ങളോ എടുത്തതായി കാണുന്നില്ല. മുൻവർഷം തനത് വരുമാനങ്ങളുടെ പിരിച്ചെടുക്കൽ 90% ൽ കുറവായതിനാൽ,ഈ വർഷം പഞ്ചായത്തിന് ലഭ്യമാകേണ്ട വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ഒരു ശതമാനം കുറവ് വരുത്തുകയുണ്ടായി. ആയതിനാൽ തനത് വരുമാനങ്ങൾ, യഥാസമയം കൃത്യതയോടെ പിരിച്ചെടുക്കുവാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, പഞ്ചായത്ത് ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

1-10 തനത് വരുമാനം- അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1) വികസനഫണ്ട് പൊതുവിഭാഗത്തിൽ ഓഡിറ്റ് വർഷം 2,01,34,000/- രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിക്കേണ്ടിയിരുന്നത്. സ.ഉ(കൈ) നം 179/2022/ധന, തീ.18.10.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ 13.01.2023 ലെ PAN/19149/2022-C3(DP) നമ്പർ കത്ത് പ്രകാരം പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ എന്ന നിലയിൽ മൂന്നാം ഗഡുവായി അനുവദിക്കുന്ന വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ഒരു ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. (201340/-) ആയതിനാൽ വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കേണ്ടതുണ്ട്.

2) വസ്തു നികുതി പരിഷ്കരണം

05/07/2023ലെ 2/1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | 6 | 10 | 6 |
| 2 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ | 8 | 12 | 8 |
| 3 | പാർപ്പിടാവശ്യം- സ്വകാര്യ ഹോസ്റ്റൽ | 40 | 70 | 70 |
| 4 | പാർപ്പിടാവശ്യം- റിസോർട്ട് | 85 | 95 | 95 |
| 5 | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. വരെയുള്ളവ | 40 | 70 | 70 |
| 6 | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. മുകളിലുള്ളവ | 55 | 75 | 75 |
| 7 | വ്യവസായത്തിനാവശ്യമുള്ളവ- പരമ്പരാഗത വ്യവസായ യൂണിറ്റുകൾ (കൈത്തറി ഷെഡ്,കയറുപിരി ഷെഡ്,കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യസംസ്കരണ ഷെഡ്, മൺപാത്ര നിർമ്മാണ ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്,കൈത്തൊഴിൽ ഷെഡ് തുടങ്ങിയവ ഉൾപ്പടെ | 6 | 10 | 10 |
| 8 | വ്യവസായത്തിനാവശ്യമുള്ളവ- കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്,സ്റ്റോറേജ് ഷെഡ് | 8 | 12 | 10 |
| 9 | വ്യവസായത്തിനാവശ്യമുള്ളവ- ഇഷ്ടികച്ചൂള, തടിമിൽ | 20 | 30 | 25 |
| 10 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - മൈക്രോ സെക്ടർ | 12 | 22 | 12 |
| 11 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - സ്മാൾ സെക്ടർ | 12 | 22 | 12 |
| 12 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - മീഡിയം സെക്ടർ | 20 | 30 | 20 |
| 13 | ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 45 | 65 | 45 |
| 14 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ ( വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ | 6 | 10 | 6 |

| | | | | |
|---|---|---|---|---|
| | വരുന്നതും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം,കാൻറീൻ തുടങ്ങിയവ ഉൾപ്പടെ) | | | |
| 15 | ആശുപത്രി | 20 | 30 | 20 |
| 16 | അമ്യൂസ് മെന്റ് പാർക്കുകൾ | 25 | 45 | 25 |
| 17 | മൊബൈൽ ടെലഫോൺ ടവർ | 500 | 600 | 600 |
| 18 | ടെലി കമ്മ്യൂണിക്കേഷൻ പോൾ (ഓരോന്നിന്) | 450 | 600 | 600 |
| 19 | വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ | 40 | 70 | 40 |
| 20 | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 60 | 80 | 60 |
| 21 | വാണിജ്യാവശ്യം- 500 ച.മീ മുകളിൽ | 80 | 100 | 80 |
| 22 | വാണിജ്യാവശ്യം- മാളുകൾ | 80 | 100 | 80 |
| 23 | വാണിജ്യാവശ്യം- സ്വതന്ത്രമായി നിൽക്കുന്നതും മാറ്റി സ്ഥാപിക്കാനാകുന്നതുമായ ബങ്കുകൾ, പെട്ടിക്കടകൾ | 6 | 10 | 6 |
| 24 | അസംബ്ലി ബിൽഡിംഗ് ( കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപം, സിനിമ തിയേറ്റർ തുടങ്ങിയവ ഉൾപ്പടെ ) | 25 | 40 | 40 |
| 25 | ഓഫീസ് കെട്ടിടങ്ങൾ - സർക്കാർ ഓഫീസുകൾ | 6 | 10 | 10 |
| 26 | ഓഫീസ് കെട്ടിടങ്ങൾ - മറ്റ് ഓഫീസ് കെട്ടിടങ്ങൾ | 40 | 60 | 40 |
| 27 | ഗോഡൌൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500ച. മീ വരെയുള്ളവ | 40 | 70 | 40 |
| 28 | ഗോഡൌൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500ച. മീറ്ററിന് മുകളിലുള്ളവ | 75 | 95 | 75 |
| 29 | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ | 25 | 45 | 25 |
| 30 | ആയുർവേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ | 160 | 170 | 170 |

1-11 ഔട്ട് ഡോർ കളക്ഷൻ പ്രകാരമുള്ള കെട്ടിടനികുതി ബന്ധപ്പെട്ട കെട്ടിടത്തിൽ വരവുവച്ചിട്ടില്ല

1) ചുവടെ പറയും പ്രകാരം ഔട്ട്ഡോർ കളക്ഷൻ രസീത് മുഖേന ലഭ്യമായ വസ്തു നികുതി ബന്ധപ്പെട്ട കെട്ടിടനമ്പറിൽ ഒടുക്കിയിട്ടില്ല.

| ബുക്ക് നമ്പർ/ രസീത് നമ്പർ | കെട്ടിട നമ്പർ, പേര് | ഒടുക്കിയ തുക | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിട നമ്പർ പേര് |
|---|---|---|---|
| 7725/43 | X 247/A, സുമിത്ര.എ, അമെക്കള ഹൗസ് | 86 | X 92A, മുഹമ്മദ് കുഞ്ഞി, പുളിതാടി ഹൗസ് |

മേൽ പ്രകാരം രേഖപ്പെടുത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 4/ 20.12.2023)

1-12 ഔട്ട് ഡോർ കളക്ഷൻ മുഖേനയുള്ള വസ്തു നികുതിയിൽ നിന്നും നോട്ടീസ് ഫീസ് ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കിയിട്ടില്ല.

ഔട്ട് ഡോർ കളക്ഷൻ മുഖേനയുള്ള വസ്തു നികുതിയിൽ നിന്നും ചുവടെ പറയും പ്രകാരം ലഭിച്ചിട്ടുള്ള നോട്ടീസ് ഫീസ് ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | രസീത് നമ്പർ | കെട്ടിട നമ്പർ | വസ്തു നികുതി (നോട്ടീസ് ഫീ 10/- രൂപ ഉൾപ്പെടെ | സഞ്ചയയിൽ ഒടുക്കിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 7711/73 | XI/277 | 42 | 42 |
| 2 | 7711/74 | XI/311 | 43 | 43 |
| 3 | 7711/96 | X/283 | 198 | 198 |
| 4 | 7711/97 | X/285 | 198 | 198 |
| 5 | 7711/98 | X/284 | 198 | 198 |
| 6 | 7711/99 | X/147H | 1435 | 1435 |

മേൽ പ്രകാരമുള്ള 6 രസീതുകളിൽ നിന്നുമായി നോട്ടീസ് ഫീ ഇനത്തിലെ 60/- രൂപ വസ്തു നികുതിയായി തന്നെ രേഖപ്പെടുത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 4/20.12.2023). മേൽ പരാമർശത്തിനുള്ള വിശദീകരണവും തുടർ നടപടി വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 മൂന്ന് മാസത്തിലധികമായിട്ടുള്ള ഇ-പേമെന്റ് തുകകൾ നാളിതുവരെയും അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

എസ്.ബി.ഐ ഇ-പേമെന്റ് അക്കൗണ്ട് (അക്കൗണ്ട് നം.37296307893)

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1220000231 | 10-11-2022 | 120 |
| 2 | 1220000011 | 18-04-2022 | 220 |
| 3 | 1220000001 | 12-04-2022 | 220 |
| 4 | 1220000002 | 12-04-2022 | 120 |
| 5 | 1220000003 | 13-04-2022 | 220 |
| 6 | 1220000004 | 13-04-2022 | 120 |
| 7 | 1220000005 | 14-04-2022 | 2 |
| 8 | 1220000006 | 14-04-2022 | 220 |
| 9 | 1220000037 | 12-05-2022 | 29 |
| 10 | 1220000040 | 16-05-2022 | 120 |
| 11 | 1220000041 | 16-05-2022 | 2 |
| 12 | 1220000065 | 07-06-2022 | 120 |
| 13 | 1220000073 | 09-06-2022 | 120 |
| 14 | 1220000074 | 09-06-2022 | 120 |
| 15 | 1220000075 | 09-06-2022 | 120 |
| 16 | 1220000076 | 11-06-2022 | 2 |
| 17 | 1220000177 | 20-09-2022 | 120 |
| 18 | 1220000178 | 22-09-2022 | 2 |
| 19 | 1220000179 | 22-09-2022 | 120 |
| 20 | 1220000188 | 23-09-2022 | 120 |

| | | | |
|---|---|---|---|
| 21 | 1220000189 | 24-09-2022 | 5 |
| 22 | 1220000190 | 24-09-2022 | 62 |
| ആകെ തുക | | | 2304 |

മേൽ തുക ക്രെഡിറ്റാകാത്തത് സംബന്ധിച്ച് പരിശോധിച്ച്, നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 10(1)/21.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി വ്യാപാര ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല, പകരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. വ്യാപാര ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 294 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.20/22-23 തീയതി 22-12-2023)

1-15 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

എൻമകജെ ഗ്രാപഞ്ചായത്ത് പരിധിയിൽ ജോലിചെയ്യുന്ന അഭിഭാഷകർ, മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ എന്നിവരിൽ നിന്ന് നിലവിൽ തൊഴിൽ നികുതി ഈടാക്കി വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.21/22-23 തീയതി 22-12-2023)

1-16 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017 /ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തതായി

ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.
റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.22/22-23 തീയതി 22-12-2023)

1-17 നെൽകൃഷി വികസന പദ്ധതി ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല

2022-23 വർഷ വാർഷിക പദ്ധതി പ്രകാരം എൻമകജെ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ നെൽകൃഷിക്ക് കൂലിച്ചെലവ് പ്രകാരം 10,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ഫണ്ട് | വികസന ഫണ്ട് – 5,00,000 ,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,00,000 |
| ബിൽ നം.തീയതി | 1)222002520129011O9110/തീയതി 28-01-2023 – 5,00,000/-രൂപ<br>2)222002520129009863332/തീയതി 31-12-2022 – 5,00,000/-രൂപ |
| പ്രോജക്ട് നം. | 104/22-23 |
| അടങ്കൽ | 10,00,000 |
| ചെലവ് | 10,00,000 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി,കൃഷിച്ചെലവ് , അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2)വ്യക്തിഗത അപേക്ഷകളിൽ വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ,ചെയർമാൻ,ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4)മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

മേൽപറഞ്ഞ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് വിധേയമായി 10,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.13/22-23 തീയതി 22-12-2023)

1-18 ഞങ്ങളും കൃഷിയിലേക്ക്- ഫലവൃക്ഷത്തൈകൾ വിതരണം-(ടി.എസ്.പി)-അപാകത

നിർവഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

പ്രോജക്ട് നം-212/22

അടങ്കൽ തുക- 1,39,100 (വികസന ഫണ്ട്- ടി.എസ്.പി)

ചെലവു തുക -1,39,100

ബിൽ റഫറൻസ് നം.22200252012901356299 തീയതി 15-03-2023

പട്ടിക വർഗത്തിൽപ്പെട്ട കർഷകർക്ക് ഫലവൃക്ഷത്തൈകൾ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. ഇതിനായി റമ്പൂട്ടാൻ, ജാക്ക് ഫ്രൂട്ട് എന്നീ ഫലവൃക്ഷത്തൈകൾ ഇറാം ഫാം നഴ്സറി മൊഗ്രാൽ പുത്തൂരിൽ നിന്നും പുനാർപുളി, മാവ്, മിറാക്കിൾ ഫ്രൂട്ട് എന്നിവ മഞ്ചുമേൽക്കുടിയിൽ ഫാംസ് എന്നീ സ്വകാര്യ നഴ്സറികളിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

1)സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. തിയതി: 28.05.2022 നമ്പർ മാർഗ്ഗരേഖ പ്രകാരം, കൃഷി വകുപ്പ് ഫാമുകൾ, VFPCK, NSC, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും നേരിട്ടോ, കൃഷി വകുപ്പിന്റെ ലൈസൻസ് ഉള്ളതോ, ധനസഹായം ലഭിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചോ തൈകൾ വാങ്ങാവുന്നതാണ്. എന്നാൽ മേൽ നഴ്സറികൾക്ക് കൃഷിവകുപ്പിന്റെ ലൈസൻസ് ഉണ്ടെങ്കിൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും ലൈസൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.14/22-23 തീയതി 22-12-2023)

2) തൈകൾ വാങ്ങുന്നതിൽ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3) മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിനാലും ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും മേൽ പദ്ധതി പ്രകാരം ചെലവഴിച്ച 1,39,100 രൂപ തടസ്സപ്പെടുത്തുന്നു.

1-19 ഞങ്ങളും കൃഷിയിലേക്ക്-ഫലവൃക്ഷത്തൈകൾ വിതരണം (പൊതുവിഭാഗം)-അപാകത

നിർവഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

പ്രോജക്ട് നം.210/22

അടങ്കൽ തുക- 1,40,000 (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവു തുക- 1,40,000

ബിൽ റഫറൻസ് നം.22200252012901150553, തീയതി- 7-02-2023, തുക 1,05,000/-

ചെക്ക് നം.XY 0471624, തീയതി 14-02-2023- 35,000 രൂപ (ഗുണഭോക്തൃ വിഹിതം)

പൊതുവിഭാഗത്തിൽപ്പെട്ട കർഷകർക്ക് ഫലവൃക്ഷത്തൈകൾ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതിയിൽ തൈകൾ വാങ്ങിയത് ഇറാം ഫാം നഴ്സറി (മൊഗ്രാൽ പുത്തൂർ), മഞ്ചുമേൽക്കുടിയിൽ ഫാംസ് എന്നീ നഴ്സറികളിൽ നിന്നാണ്. രണ്ടു നഴ്സറികൾക്കുമായി മേൽ വിവരിച്ച പ്രകാരം 1,40,000 രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1)റമ്പൂട്ടാൻ, ജാക്ക് ഫ്രൂട്ട് എന്നിവ ഇറാം ഫാം നഴ്സറി മൊഗ്രാൽ പുത്തൂരിൽ നിന്നും, പുനാർപുളി, മാവ്, മിറാക്കിൾ ഫ്രൂട്ട് എന്നിവ മഞ്ചുമേൽക്കുടിയിൽ ഫാംസ് എന്നീ സ്വകാര്യ നഴ്സറികളിൽ നിന്നുമാണ്

വാങ്ങിയിരിക്കുന്നത്. സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. തിയതി: 28.05.2022 നമ്പർ മാർഗ്ഗരേഖ പ്രകാരം, കൃഷി വകുപ്പ് ഫാമുകൾ, VFPCK, NSC, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും നേരിട്ടോ, കൃഷി വകുപ്പിന്റെ ലൈസൻസ് ഉള്ളതോ, ധനസഹായം ലഭിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചോ തൈകൾ വാങ്ങാവുന്നതാണ്. എന്നാൽ മേൽ നഴ്സറികൾക്ക് കൃഷിവകുപ്പിന്റെ ലൈസൻസ് ഉണ്ടെങ്കിൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും ലൈസൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.15/22-23 തീയതി 22-12-2023)

2) തൈകൾ വാങ്ങുന്നതിന് വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിനാലും ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും മേൽ പദ്ധതി പ്രകാരം ചെലവഴിച്ച 1,40,000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.15/22-23 തീയതി 22-12-2023)

## 1-20 ഞങ്ങളും കൃഷിയിലേക്ക്- പുനാർപുളി ഗ്രാമം-ജനറൽ -അപാകത

നിർവഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

പ്രോജക്റ്റ് നം.188/22 , അടങ്കൽ തുക - 2,00,000 രൂപ (ഫണ്ട്-വികസന ഫണ്ട് ജനറൽ, തനതു ഫണ്ട്)

ചെലവു തുക - 2,00,000 രൂപ

ബിൽ റഫറൻസ് നം.2220025201290115O542 / 07-02-2023- 75,000 രൂപ (വികസന ഫണ്ട് ജനറൽ)

ചെക്ക് നം.0471636 തീയതി 20-03-2023- 75,000 രൂപ (തനതു ഫണ്ട്)

ചെക്ക് നം.XY 0471624 തീയതി 14-02-2023-50,000 (ഗുണഭോക്തൃ വിഹിതം)

പൊതു വിഭാഗത്തിൽപ്പെട്ട കർഷകർക്ക് പുനാർപുളി തൈകൾ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. പുനാർപുളി തൈകൾ പരപ്പ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. പദ്ധതിയുടെ നിർവഹണത്തിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. തിയതി: 28.05.2022 നമ്പർ മാർഗ്ഗരേഖ പ്രകാരം, കൃഷി വകുപ്പ് ഫാമുകൾ, VFPCK, NSC, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും നേരിട്ടും, കൃഷി വകുപ്പിന്റെ ലൈസൻസ് ഉള്ളതോ, ധനസഹായം ലഭിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചും തൈകൾ വാങ്ങാവുന്നതാണ്. തൈകൾ വാങ്ങിയ പരപ്പ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിന് കൃഷിവകുപ്പിന്റെ ലൈസൻസുണ്ടെങ്കിൽ ആയത് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.16/22-23 തീയതി 22-12-2023 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലൈസൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല.

2) തൈകൾ വാങ്ങുന്നതിന് വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) പരപ്പ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ 160 രൂപയ്ക്ക് പുനാർപുളി തൈകൾ നല്കിയപ്പോൾ മഞ്ഞുമ്മേൽകുടിയിൽ ഫാംസ് കനകപ്പള്ളി എന്ന സ്വകാര്യ സ്ഥാപനം 145 രൂപയ്ക്കാണ് നല്കിയത്. ഈ വില വ്യത്യാസം ശ്രദ്ധിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിനാലും ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും മേൽ പദ്ധതി പ്രകാരം ചെലവഴിച്ച 2,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ഞങ്ങളും കൃഷിയിലേക്ക്- പുനാർപുളി ഗ്രാമം (ടി എസ് പി)-അപാകത

നിർവഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

പ്രോജക്ട് നം. – 209/22

അടങ്കൽ തുക – 1,50,000 രൂപ (വികസന ഫണ്ട് – ടി എസ് പി)

ചെലവു തുക – 1,50,000 രൂപ

ബിൽ റഫറൻസ് നം.22200252012901356026, തീയതി- 15-03-2023.

പട്ടിക വർഗത്തിൽപ്പെട്ട കർഷകർക്ക് പുനാർപുളി തൈകൾ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. പുനാർപുളി തൈകൾ പരപ്പ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. പദ്ധതിയുടെ നിർവഹണത്തിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. തിയതി: 28.05.2022 നമ്പർ മാർഗ്ഗരേഖ പ്രകാരം, കൃഷി വകുപ്പ് ഫാമുകൾ, VFPCK, NSC, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും നേരിട്ടും, കൃഷി വകുപ്പിന്റെ ലൈസൻസ് ഉള്ളതോ, ധനസഹായം ലഭിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചും തൈകൾ വാങ്ങാവുന്നതാണ്. തൈകൾ വാങ്ങിയ പരപ്പ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിന് കൃഷി വകുപ്പിന്റെ ലൈസൻസ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നം.17/22-23, തീയതി-22-12-2023 നൽകിയിരുന്നെങ്കിലും ലൈസൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല.
2) തൈകൾ വാങ്ങുന്നതിന് വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
3) മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4) പരപ്പ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ 160 രൂപയ്ക്ക് പുനാർപുളി തൈകൾ നല്കിയപ്പോൾ മഞ്ഞുമ്മേൽകുടിയിൽ ഫാംസ് കനകപ്പള്ളി എന്ന സ്വകാര്യ സ്ഥാപനം 145 രൂപയ്ക്കാണ് നല്കിയത്. ഈ വില വ്യത്യാസം ശ്രദ്ധിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.
സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിനാലും ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും മേൽ പദ്ധതി പ്രകാരം ചെലവഴിച്ച 1,50,000 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.17/22-23 തീയതി 22-12-2023)

## 1-22 പോഷകവാടി പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 221/23 -പോഷകവാടി |
| അടങ്കൽ തുക | വികസന ഫണ്ട് - - 58,000/-<br>ബ്ലോക്ക് പഞ്ചായത്ത് - 29,000/-<br>ജില്ലാ പഞ്ചായത്ത് - 58,000/- |
| ചെലവ് തുക<br>വികസന ഫണ്ട് - 58,000/-<br>ബ്ലോക്ക് പഞ്ചായത്ത് -29,000/-<br>ജില്ലാ പഞ്ചായത്ത് - 58,000/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| ബിൽ റഫറൻസ് നമ്പർ | തീയതി | തുക |
|---|---|---|
| 22200252012901460231/ | 24/03/2023- | 58,000/- |
| 22200252012901460202/ | 24/03/2023- | 29,000/- |
| 22200252012901460118/ | 20/03/2023- | 58,000/- |

പഞ്ചായത്ത് അംഗീകരിച്ച അങ്കണവാടികൾക്ക് 100 ശതമാനം സബ്സിഡിയിൽ ഓരോ അങ്കണവാടിയിലും നടീൽ മിശ്രിതം നിറച്ച 10 ഇഞ്ച് വ്യാസമുള്ള 20 എണ്ണം വീതം മൺചട്ടികളും, വെണ്ട, മുളക്, തക്കാളി, വഴുതന തുടങ്ങിയ പച്ചക്കറി തൈകളും നൽകുന്നതിനും പച്ചക്കറി ചെടികളുടെ വളർച്ചക്കാവശ്യമായ മൂലകങ്ങൾ ഫലപ്രദമായി ലഭ്യമാക്കുന്നതിനായി നൂതന സാങ്കേതികവിദ്യയിലൂടെ തയ്യാറാക്കിയ ന്യൂടിസ്റ്റിക്കിന്റെ ഉപയോഗം ഉൾപ്പെടുത്തി ഒരു ചെടിക്ക് വളർച്ചാഘട്ടത്തിൽ 2 വീതം ന്യൂടിസ്റ്റിക്കുകളും ജലസേചനം ഫലപ്രദമാക്കുന്നതിന് കണികാ ജലസേചനവും നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി നടത്തിപ്പിനായി റെയ്ഡ്കോയിൽ നിന്ന് ജലസേചന കിറ്റുകളും സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിൽ നിന്നും ചെടിച്ചട്ടികൾ, വിത്തുകൾ, തൈകൾ, ജൈവ കീടനാശിനികൾ തുടങ്ങിയ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. ഇതിനായി 1,45,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ പറയുന്നു.

1) ഏതൊക്കെ അങ്കണവാടികളിലാണ് പോഷകവാടി പദ്ധതി നടപ്പിലാക്കിയത് എന്നത് സംബന്ധിച്ച വിവരങ്ങളും വാങ്ങിയ സാധനസാമഗ്രികൾ ഏതൊക്കെ അങ്കണവാടികൾക്കാണ് വിതരണം ചെയ്തത് എന്ന വിവരവും ഫയലിൽ ഇല്ല.

2) നിർമിക്കപ്പെടുന്ന പോഷകവാടികളുടെ തുടർ പരിപാലനം എങ്ങനെയെന്ന് പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല.

3)മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

മേൽപറഞ്ഞ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 1,45,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.19/22-23 തീയതി 22-12-2023)

## 1-23 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2022-23 വർഷം വിവിധ പദ്ധതികളിലായി 48,94,100 രൂപയുടെ ചെലവുകൾ കൃഷി ഓഫീസർ നടത്തിയിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ ചെലവു രേഖകളിൽ പൊതുവിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ട പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ തയ്യാറാക്കിയതായി കാണുന്നില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പദ്ധതിയുടെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

2) മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. കൃത്യമായ മോണിറ്ററിങ് നടക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്.

3) ജി ഒ(എം എസ്)115/2022/തസ്വഭവ തീയതി 28-05-2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.7,അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

എ)വ്യക്തിഗത അപേക്ഷകളിൽ വർക്കിങ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്ന നിർദേശം പാലിച്ചിട്ടില്ല.

ബി)നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ് എന്ന നിർദേശം പാലിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.18/22-23 തീയതി 22-12-2023)

1-24 ഡേ ബുക്ക് പ്രകാരമുള്ള വരവ് അക്കൗണ്ടിൽ വരവുവന്നിട്ടില്ല

24/08/2022 ലെ ഡേബുക്ക് പ്രകാരം 1803/- രൂപ വരവുണ്ട്. ഈ തുക 25/08/2022 ൽ കേരള സംസ്ഥാന കോ ഓപ്പറേറ്റീവ് ബാങ്കിലെ (നിലവിൽ കേരള ബാങ്ക് - 181512801000435) അക്കൗണ്ടിൽ (നമ്പർ150141201020003) ഒടുക്കുകയും ബാങ്കിൽ നിന്നും തുക കൈപ്പറ്റിയതായി റസീപ്റ്റിൽരേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 2022-23 സാമ്പത്തിക വർഷത്തിൽ അക്കൗണ്ടിൽ വരവുവന്നിട്ടില്ല. കൂടാതെ ഓഡിറ്റ് വേളയിൽ അവസാന റീക്കൺസിലിയേഷൻ നടത്തിയ ജൂലൈ 2023 വരെയും ഈ തുക ലഭ്യമാകാത്തതായി പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10(3)/ 21.12.2023 ന് ലഭ്യമാക്കിയ 2023-24 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 25/10/2023 ലാണ് ഈ തുക (1803/-) വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. 25/08/2022 ൽ തുക നേരിട്ട് ബേങ്കിൽ ഒടുക്കിയിട്ടും ഒരു വർഷത്തിലധികമായും തുക വരവായി രേഖപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ബാങ്കിൽ നിന്നും വിശദീകരണം തേടാവുന്നതും ബാങ്കിൽ നിന്നുള്ള വീഴ്ചയാണെങ്കിൽ നാളിതുവരെയുള്ള പലിശയും ഈടാക്കേണ്ടതാണ്.

1-25 ലൈഫ് ഭവന നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, 3 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.

യൂണിറ്റ് കോസ്റ്റ് -6,00,000

| ക്രമ നമ്പർ | ഗുണഭോക്താവ് | എഗ്രിമെന്റ് തിയ്യതി | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പരമേശ്വരി | 25.6.2021 | 4,20,000 | ലിന്റൽ |
| 2 | സുബ്ബ നായിക്ക് | 01.07.2021 | 4,20,000 | മേൽക്കൂര |
| 3 | തിരുമലേശ്വര നായിക്ക് | 02.03.2022 | 2,10,000 | ലിന്റൽ |

ഇവരുടെ ഭവനം എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.29 തീയ്യതി 23-12-2023)

1-26 ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു

1) 2022-23 വർഷം മരണരജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച രേഖകളോടൊപ്പം ഹാജരാക്കിയ ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പെൻഷണറുടെ പേര്, ഐഡി നം. | പെൻഷൻ തരം | പെൻഷണർ മരണപ്പെട്ട തീയതി | മരണത്തിന് ശേഷവും പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | പെൻഷൻ അനുവദിച്ച കാലയളവ് | അനുവദിച്ച തുക |
| 1 | അന്നുഞ്ഞി | വാർദ്ധക്യകാല | 23.05.2022 | 06/2022 – 11/2022 | 9,600 |

| | | | | | |
|---|---|---|---|---|---|
| | 111860200601 | പെൻഷൻ | | (6 M) @ 1600/month | |
| 2 | ഹരീഷ്ചന്ദ്ര ആചാര്യ എൻ 111860200987 | വാർദ്ധക്യകാല പെൻഷൻ | 13.03.2022 | 04/2022 - 11/2022 (8m) @ 1600/month | 12,800 |
| 3 | അമ്മു റായ് 111860201590 | വാർദ്ധക്യകാല പെൻഷൻ | 27.06.2022 | 07/2022 – 11/2022 (5 M) @ 1600/month | 8,000 |
| 4 | ശീലാവതി 111860201657 | വാർദ്ധക്യകാല പെൻഷൻ | 23.01.2023 | 02/2023 – 06/2023 (5 M) @ 1600/month | 8,000 |
| 5 | രമേഷ് 111860202328 | വാർദ്ധക്യകാല പെൻഷൻ | 04.11.2021 | 12/2021 – 06/2023 (19 M) @ 1600/month | 30,400 |
| 6 | മറിയമ്മ 111860200579 | വാർദ്ധക്യകാല പെൻഷൻ | 19.09.2022 | 10/2022 – 11/2022 (2 M) @ 1600/month | 3,200 |
| 7 | മണി ആചാരി ബി 111860200335 | വാർദ്ധക്യകാല പെൻഷൻ | 21.08.2022 | 09/2022 – 11/2022 (3 M) @ 1600/month | 4,800 |
| 8 | മദറു എസ് 111860600576 | വിധവ പെൻഷൻ | 12.09.2022 | 10/2022 – 06/2023 (9 M) @ 1600/month | 14,400 |
| 9 | ആസ്യമ്മ 111860202068 | വാർദ്ധക്യകാല പെൻഷൻ | 31.08.2022 | 09/2022 – 11/2022 (3 M) @ 1600/month | 4,800 |
| 10 | ശംഊ നായിക് 111860202593 | വാർദ്ധക്യകാല പെൻഷൻ | 26.08.2022 | 09/2022 – 11/2022 (3 M) @ 1600/month | 4,800 |
| 11 | സുശീല എസ് 111860200682 | വാർദ്ധക്യകാല പെൻഷൻ | 13.08.2022 | 09/2022 – 11/2022 (3 M) @ 1600/month | 4,800 |
| 12 | കാന്തപ്പ മൂല്യ 111860201042 | വാർദ്ധക്യകാല പെൻഷൻ | 29.05.2022 | 06/2022 – 12/2022 (7 M) @ 1600/month | 11,200 |
| 13 | പരമേശ്വരി 111860202462 | വാർദ്ധക്യകാല പെൻഷൻ | 13.07.2022 | 08/2022 – 09/2022 (2 M) @ 1600/month | 3,200 |
| 14 | ബീരാൻ കുഞ്ഞി 111860202528 | വാർദ്ധക്യകാല പെൻഷൻ | 02.04.2023 | 05/2023 – 06/2023 (2 M) @ 1600/month | 3,200 |
| 15 | പാർവതി 111860202654 | വാർദ്ധക്യകാല പെൻഷൻ | 22.02.2023 | 03/2023 – 06/2023 (4 M) @ 1600/month | 6,400 |
| ആകെ തുക | | | | | 1,29,600 |

മേൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ പെൻഷൻ തുക ഡി.ബി.റ്റി സെല്ലിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) കൃഷി വകുപ്പ് മുഖേന അനുവദിക്കുന്ന കർഷക പെൻഷൻ വാങ്ങി വന്നിരുന്ന ചുവടെ ചേർത്ത ഗുണഭോക്താക്കൾക്ക് മരണ ശേഷവും പെൻഷൻ തുക വിതരണം ചെയ്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പെൻഷണറുടെ പേര്, ഐഡി നം. | പെൻഷൻ തരം | പെൻഷണർ മരണപ്പെട്ട തീയതി | മരണത്തിന് ശേഷവും പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | പെൻഷൻ അനുവദിച്ച കാലയളവ് | അനുവദിച്ച തുക |
| 1 | ശ്രീപതി ഭട്ട് എസ് 2220253887 | കർഷക പെൻഷൻ | 19.08.2022 | 09/2022 – 02/2023 (6 M) @ 1600/month | 9,600 |
| 2 | അബ്ദുൽ റഹിമാൻ 2220253835 | കർഷക പെൻഷൻ | 28.09.2022 | 10/2022 – 04/2023 (7 M) @ 1600/month | 11,200 |
| 3 | ഷാഫി പി 2220254097 | കർഷക പെൻഷൻ | 14.09.2022 | 10/2022 – 12/2022 (3 M) @ 1600/month | 4,800 |
| 4 | നാരായണ ഭട്ട് 2220254020 | കർഷക പെൻഷൻ | 18.06.2022 | 07/2022 – 03/2023 (9 M) @ 1600/month | 14,400 |
| 5 | പാർവതി 2220254079 | കർഷക പെൻഷൻ | 07.06.2022 | 07/2022 – 11/2022 (5 M) @ 1600/month | 8,000 |
| 6 | കൃഷ്ണ നായിക് 2220254027 | കർഷക പെൻഷൻ | 06.06.2022 | 07/2022 – 08/2022 (2 M) @ 1600/month | 3,200 |
